പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 486 23/03/2018 ൽ മറുപടിക്ക്

## മിഷൻ മോഡ് അംബ്രല്ല പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ. എ.പി. അനിൽ കുമാർ : | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| എ) | കന്നുകാലികളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ക്ഷീര കർഷകരുടെ വരുമാനവും ലാഭവും വർദ്ധിപ്പിക്കുന്നതിനും വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | എ) | സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി 2017-18 ൽ ആകെ 53.8 കോടി രൂപ വകയിരുത്തിയിരുന്നു. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റനൽകുന്ന ഈ രണ്ട് പദ്ധതികളിലുമായി 2016-17 ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകിയതോടൊപ്പം 2017-18 -ൽ പുതിയതായി 35070 കന്നുകുട്ടികളെ കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10,000 കന്നുകുട്ടികളെ കൂടി 2017-2018 ൽ എൻറോൾ ചെയ്തിട്ടുണ്ട്. ആയതിന് ആറു കോടി പത്തുലക്ഷത്തി അമ്പതിനായിരം രൂപ (6,10,50000) ചെലവാക്കി. 2017-18 ൽ ആകെ 118608 കന്നുകുട്ടികൾക്ക് പദ്ധതി സഹായം ലഭ്യമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിലേക്ക് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ട് 53.8 കോടിയിൽ നിന്നും 60 കോടി രൂപയായി വർദ്ധിപ്പിച്ചു.<br>• മൃഗാശുപത്രികൾക്കു മരുന്നു വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം 2017-2018 ൽ നിലവിലുള്ള 12 കോടിയിൽ നിന്നും 15 കോടിരൂപയായും 2018-19 വർഷത്തിൽ 15.93 കോടി രൂപയായും വർദ്ധിപ്പിച്ചു.<br>• 2017-18 ൽ രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65 -ൽ നിന്നും 85 ആയി വർദ്ധിച്ചു. 2018-19 ൽ ഇത് 20 ബ്ലോക്കുകളിൽ കൂടി അധികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>• ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശു വളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുൽപന്നങ്ങളുടെ ഉത്പാദനം എന്നിവയുള്ള പരിശീലനം |

നൽകിവരുന്നു. ഇതിന്റെ ഫലമായി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും അതുവഴി കൂടുതൽപേരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

- മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവല്ക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 25,000/- രൂപ സബ് സിഡി നിരക്കിൽ 696 പേർക്ക് 2016-17 ൽ സഹായം നൽകി. ഈ വർഷം 184 പേർക്ക് ധനസഹായം ലഭ്യമാക്കി വരുന്നു. പദ്ധതി നടത്തിപ്പ് അന്തിമ ഘട്ടത്തിലാണ്.

- കേരള ഫീഡ്സിൽ നിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലേക്ക് ഈ സാമ്പത്തിക വർഷം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും വിതരണം പൂർത്തിയായിട്ടുണ്ട് .

- അകിടുവീക്കരോഗ നിയന്ത്രണ പരിപാടി - സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുവീക്കരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. 2017-18 ൽ 35000 കർഷകർക്ക് സഹായം നല്കി . ഇതിലേക്ക് 75 ലക്ഷം രൂപ ചിലവായി.

- 2017 -18 -ൽ പശുക്കുട്ടികൾക്ക് വിരമരുന്ന് വാങ്ങി നല്കുന്നതിനുവേണ്ടി ഒരു കോടി രൂപ നീക്കി വച്ചിട്ടുണ്ട്. വിരമരുന്ന് വിതരണം നടന്നു വരുന്നു.

- മൃഗാശുപത്രികളിൽ കന്നുകാലികൾക്ക് ബീജാധാന സൗകര്യം സൗജന്യമായി സർക്കാർ നൽകുന്നു. കറവ പശുക്കളുടെ വിര ഇളക്കലിനും ധാതുമിശ്രിത സപ്ലിമെന്റ് നൽകുന്നതിനും 3 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതു കൂടാതെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചികിത്സ, രോഗനിർണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു.

- സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി, ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു. കൂടാതെ ജനിതക മേന്മയേറിയ വിത്തുകാളകളുടെ 37250 ബീജമാത്രകളും ലിംഗനിർണ്ണയം നടത്തിയ 1500 ബീജമാത്രകളും വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്ത് കെ.എൽ.ഡി.ബോർഡ് മുഖേന നടപ്പു സാമ്പത്തിക വർഷം വിതരണം നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| | | | • മൃഗാരോഗ്യ സംരക്ഷണം, കൃത്യമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതു മൂലം കുളമ്പുരോഗം, മറ്റ് സാംക്രമിക രോഗബാധകൾ എന്നിവ നിയന്ത്രിക്കുവാനും, രോഗങ്ങൾ, മരണനിരക്ക് എന്നിവ കുറയ്ക്കുവാനും അതുമൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം വളരെയേറെ കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>• കറവയന്ത്രങ്ങൾ വിതരണം നടത്തുന്നത് വഴി ശുദ്ധമായ പാൽ ഉത്പാദിപ്പിക്കുവാനും അകിടുവീക്കം പോലുള്ള രോഗങ്ങളുടെ വ്യാപനം തടയുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുന്നുണ്ട്.<br><br>• ചാണകക്കുഴി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 12500/- രൂപ നിരക്കിൽ 400 പേർക്ക് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികളിലൂടെ യുവജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; | ബി) | യുവജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുന്നതിന് ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വിവിധ ഏജൻസികളെയും പദ്ധതികളെയും സംയോജിപ്പിച്ചുകൊണ്ട് മിഷൻ മോഡ് അംബ്രല്ല പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | ഇല്ല |

സെക്ഷൻ ഓഫീസർ